## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 440 28.06.2013 ലെ മറുപടിക്ക്**

**പ്രവാസി മലയാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ ജയരാജ്:<br>ശ്രീ. പി. സി. ജോർജ്:<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ:<br>ശ്രീ. റോഷി അഗസ്റ്റിൻ: | ശ്രീ കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവാസിമലയാളികളുടെ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ; | (എ) പ്രവാസികളുടെ ക്ഷേമം മുൻനിർത്തി വിദേശ ജയിലുകളിൽ നിന്നും ശിക്ഷാകാലയളവ് പൂർത്തിയാക്കിയ മലയാളികൾക്ക് തിരികെ നാട്ടിലെത്തുന്നതിന് സൗജന്യമായി വിമാന ടിക്കറ്റ് നൽകുന്ന സ്വപ്ന സാഫല്യം പദ്ധതി, പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് നോർക്കാ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ, തിരികെ എത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് മൂലധന സംബ്സിഡി നൽകുന്നതിനായി നോർക്ക ഡിപ്പാർട്ടുമെന്റിന്റെ പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് തുടങ്ങിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.<br>ഇതിനു പുറമേ നോർക്ക-റൂട്ട്സിന്റെ പ്രവാസി തിരിച്ചറിയൽ കാർഡിന്റെ ഇൻഷുറൻസ് പരിരക്ഷ അപകട മരണം/സ്ഥിര/ പൂർണ്ണ അംഗ വൈകല്യത്തിന് 2 ലക്ഷം രൂപയായും |

| | |
|---|---|
| | ഭാഗീക അംഗവൈകല്യത്തിന് 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന കേരളീയർക്ക് എൻ. ആർ. കെ. ഇൻഷറൻസ് കാർഡ് ഏർപ്പെടുത്തി. നോർക്കാ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതിയിലെ ആനുകൂല്യങ്ങൾ മരണാനന്തരസഹായം 1 ലക്ഷം രൂപയായും, ക്യാൻസർ, ഹൃദയാഘാതം, കിഡ്നി സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് 50,000/- രൂപയായും മറ്റ് രോഗങ്ങൾക്ക് 20,000/- രൂപയായും വർദ്ധിപ്പിച്ചു. സാന്ത്വന പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള വാർഷിക കുടുംബ വരുമാനപരിധി 25,000/ രൂപയിൽ നിന്നും 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.<br>കണ്ണൂർ, തൃശൂർ, കോട്ടയം, എന്നീ ജില്ലാ കളക്ട്രേറ്റുകളിൽ നോർക്ക റൂട്ട്സ് സെല്ലുകൾ ആരംഭിച്ചു. മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശരാജ്യങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം ആരംഭിച്ചു. |

| | |
|---|---|
| (ബി) നോർക്കയുടെ ഡൽഹി, മുംബൈ ഡെവലപ്മെന്റ് ഓഫീസുകളും നോർക്ക-റൂട്ട്സിന്റെ സാറ്റലൈറ്റ് ഓഫീസുകളും മുഖേന പ്രവാസി മലയാളികൾക്കായി ഈ സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ചെയ്തിട്ടുള്ളത്; | (ബി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുള്ള മലയാളികളുടെ ക്ഷേമത്തിനായും അവർ അവിടെ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംസ്ഥാന സർക്കാരിന്റേയും, കേന്ദ്ര സർക്കാരിന്റേയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനും പ്രവാസികൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമപദ്ധതികളും മറ്റും അറിയിക്കുന്നതിനും അവ വേഗത്തിൽ ലഭ്യമാക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ മലയാളികളുടെ സംഗമം, കൂട്ടായ്മ എന്നിവ സംഘടിപ്പിക്കുന്നതിനും, അവിടങ്ങളിലെ മലയാളികളിൽ നിന്നും വിദേശത്ത് തൊഴിൽ തേടിപോകുന്നവർക്ക് പരിശീലനം/ശില്പശാല തുടങ്ങിയ കാര്യങ്ങൾ ന്യൂ ഡെൽഹി, മുംബൈ എന്നിവിടങ്ങളിലുള്ള ഡെവലപ്പ്മെന്റ് ഓഫീസുകൾ മുഖാന്തിരവും ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ്, ബറോഡ എന്നിവിടങ്ങളിലുള്ള നോർക്കാ സാറ്റലൈറ്റ് ഓഫീസുകൾ മുഖാന്തിരവും ചെയ്തുവരുന്നു. കൂടാതെ പ്രകൃതിക്ഷോഭം പോലുള്ള ആപത് ഘട്ടങ്ങളിൽ മറുനാടൻ മലയാളികൾക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കാറുണ്ട്.<br><br>മറ്റ് സംസ്ഥാനങ്ങളിലെ സർക്കാർ/ സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ പ്രശ്ന പരിഹാരത്തിനുവേണ്ട ഇടപെടലുകൾ, അടിയന്തിര സാഹചര്യങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്ന് തിരിച്ചയക്കപ്പെട്ട് ഡെൽഹി, മുബൈ എന്നിവിടങ്ങളിൽ എത്തപ്പെടുന്ന പ്രവാസി മലയാളികളെ സുരക്ഷി |

| | |
|---|---|
| | തമായി നാട്ടിലെത്തിക്കാൻ വേണ്ട സഹായങ്ങൾ തുടങ്ങിയവ നോർക്ക ഡെവലപ്പ്മെന്റ് ഓഫീസുകൾ മുഖേന ചെയ്തുവരുന്നു. |
| സി) പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുവോ ; വിശദാംശങ്ങൾ നൽകുമോ ? | സി) ന്യൂഡെൽഹി, മുബൈ എന്നിവിടങ്ങളിലുള്ള ഡെവലപ്പ്മെന്റ് ഓഫീസുകൾക്കും ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ്, ബറോഡ എന്നിവിടങ്ങളിലുള്ള നോർക്കാ സാറ്റലൈറ്റ് ഓഫീസുകൾക്കും പുറമേ മലയാളികൾ തിങ്ങിപ്പാർക്കുന്ന മറ്റ് സംസ്ഥാനങ്ങളിൽ നോർക്കാ സാറ്റലൈറ്റ് ഓഫീസുകൾ സ്ഥാപിച്ച് പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. മലയാളം മിഷനുമായി ചേർന്ന് പുത്തൻ തലമുറയെ മലയാള ഭാഷാ പഠനത്തിന് സഹായിക്കുന്നതിനും, പ്രവാസി ലീഗൽ എയ്ഡ് പദ്ധതിയുടെ ഭാഗമായി നിയമ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. അന്യ സംസ്ഥാനങ്ങളിലുള്ള മലയാളി കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംഗീത നാടക അക്കാഡമിയുമായി ചേർന്ന് മത്സരങ്ങൾ നടത്തുന്നതിനും അവാർഡുകൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ